# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 286 — 13-03-2017 ൽ മറുപടിയ്ക്ക്

## തുറമുഖ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ.മുരളീധരൻ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. എം. വിൻസെന്റ് | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. വി.എസ്.ശിവകുമാർ | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട-വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടം ഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇവയിൽ ആലപ്പുഴ, തീരദേശ യാത്രാകപ്പൽ സർവ്വീസിനു വേണ്ടി പാസഞ്ചർ ടെർമിനലായിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് വികസിപ്പിക്കുന്നത്. |
| (ബി) | ചെറുകിട-വൻകിട തുറമുഖങ്ങളിൽ എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നത്; വിവരിക്കാമോ ; | (ബി) | ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. ഇവയിലൂടെ ചരക്ക് - യാത്രാ കപ്പൽ സർവ്വീസുകൾ നടത്തി വരുന്നു. വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങളിൽ അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടത്തി വരുന്നു. ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ നിന്നും ലക്ഷദ്വീപിലേയ്ക്കാണ് ചരക്ക് നീക്കം പ്രധാനമായും നടന്നുവരുന്നത്. |
| (സി) | ചരക്ക ഗതാഗതം നടത്താനായി ഈ തുറമുഖങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | (സി) | തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടം ഘട്ടമായി വികസിപ്പിക്കുന്നുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ